# PSC Caulker - Nca - State Water Transport Examination Previous Year Question Paper

***Exam Name:* *Caulker - Nca - State Water Transport***

***Date of Test : 02.12.2015***

***Question Paper Code: 220/2015***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

# 220/2015-M

Maximum : 100 marks

Time : 1 hour and 15 minutes

1. ടീസ്റ്റ സെതൽവാദ് ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?
   - (A) സ്വാതന്ത്ര്യസമരം
   - (B) നീതിന്യായം
   - (C) മനുഷ്യാവകാശം
   - (D) സ്ത്രീവിമോചനം

2. വേഗത്തിന്റെ ചക്രവർത്തി എന്ന് വിശേഷിപ്പിക്കുന്നത് :
   - (A) ഉസൈൻ ബോൾട്ട്
   - (B) മൈക്ക് റേജേഴ്സ്
   - (C) പി.ടി. ഉഷ
   - (D) കെമർ കെയ്ൻ

3. ഇന്ത്യയുടെ സിലിക്കൺവാലി എന്നറിയപ്പെടുന്ന പട്ടണമേത്?
   - (A) സൂറത്ത്
   - (B) ഹൈദരാബാദ്
   - (C) ബാംഗ്ലൂർ
   - (D) പൂനെ

4. 2014-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയ ചിത്രം :
   - (A) അങ്കുര
   - (B) ഹൗ ഓൾഡ് ആർ യു
   - (C) ഒറ്റാൽ
   - (D) ബാംഗ്ലൂർ ഡെയ്സ്

5. കേരളത്തിൽ അടുത്ത കാലത്ത് ഉപതെരഞ്ഞെടുപ്പ് നടന്ന അസംബ്ലി മണ്ഡലം :
   - (A) അരുവിക്കര
   - (B) നെയ്യാറ്റിൻകര
   - (C) വാമനപുരം
   - (D) പുറനാട്ടുകര

6. 65 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി :
   - (A) വയോമിത്രം
   - (B) സാന്ത്വനം
   - (C) ആശ
   - (D) കുടുംബശ്രീ

7. വിശപ്പുരഹിത നഗരം പദ്ധതിയുടെ ഭാഗമായ "ഓപ്പറേഷൻ സുലൈമാനി" എന്ന സംരംഭം ഏത് ജില്ലയിലാണ് നടപ്പിലാക്കിയത്?
   - (A) കോഴിക്കോട്
   - (B) തിരുവനന്തപുരം
   - (C) കൊല്ലം
   - (D) എറണാകുളം

8. കേരളത്തിൽ വരാൻ പോകുന്ന തുറമുഖ പദ്ധതി :
   - (A) വല്ലാർപ്പാടം
   - (B) ബേപ്പൂർ
   - (C) വിഴിഞ്ഞം
   - (D) ഏഴിമല



Join PSC WhatsApp Broadcast List : 90747 20773

9. സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ രാജ്യത്തെ യുവജനങ്ങൾക്ക് മുഴുവൻ തൊഴിൽ വൈദഗ്ദ്ധ്യം ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതി :
   - (A) സ്കിൽ ഇന്ത്യ
   - (B) തൊഴിലുറപ്പ്
   - (C) ആയുഷ്
   - (D) കുടുംബശ്രീ

10. കേരളത്തിലെ ചീഫ് സെക്രട്ടറിയായ ജിജി തോംസണിന്റെ ഏതു കൃതിക്കാണ് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത്?
   - (A) ഫയർ ആന്റ് വിംഗ്
   - (B) നത്തിംഗ് ഒഫിഷ്യൽ
   - (C) ദി ബ്ലൂബോയ്
   - (D) ഗോഡ് ഓഫ് സ്മോൾ തിംങ്സ്

11. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :
   - (A) ഗോഡ്‌വിൻ ആസ്റ്റിൻ
   - (B) ഹിമാലയം
   - (C) ആനമുടി
   - (D) നംഗപർവ്വതം

12. ഇന്ത്യയിലെ താർ മരുഭൂമിയുടെ 61% സ്ഥിതിചെയ്യുന്ന സംസ്ഥാനം :
   - (A) പഞ്ചാബ്
   - (B) രാജസ്ഥാൻ
   - (C) ഗുജറാത്ത്
   - (D) ഹരിയാന

13. ലോകത്തിലെ ഏറ്റവും വലിയ ലാവാ പീഠഭൂമി :
   - (A) മാൾവാ പീഠഭൂമി
   - (B) ഡക്കാൻ പീഠഭൂമി
   - (C) തിബറ്റൻ
   - (D) ഛോട്ടാ നാഗ്പൂർ

14. ഇന്ത്യയിലെ ഏറ്റവും പ്രായമേറിയ പർവ്വതം :
   - (A) ഹിമാലയം
   - (B) പശ്ചിമഘട്ടം
   - (C) ആരവല്ലി
   - (D) നംഗപർവ്വതം

15. ഇന്ത്യ അതിർത്തി പങ്കിടുന്ന വലിയ രാജ്യം :
   - (A) ചൈന
   - (B) പാക്കിസ്ഥാൻ
   - (C) നേപ്പാൾ
   - (D) ബംഗ്ലാദേശ്

16. ഇന്ത്യയിൽ തപാൽ വകുപ്പ് ആരംഭിച്ച വർഷം :
   - (A) 1857
   - (B) 1856
   - (C) 1854
   - (D) 1880

17. ഇന്ത്യയിലെ ഏറ്റവും ആഴമുള്ളതും കരയാൽ ചുറ്റപ്പെട്ടതും സുരക്ഷിതവുമായ തുറമുഖം :
   - (A) വിശാഖപട്ടണം
   - (B) കണ്ട്ല
   - (C) തൂത്തുക്കുടി
   - (D) കൊച്ചി



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

18. ധവള വിപ്ലവത്തിന്റെ പിതാവ് :
(A) എം.എസ്. സ്വാമിനാഥൻ
(B) വർഗ്ഗീസ് കുര്യൻ
(C) സി. സുബ്രഹ്മണ്യം
(D) ഗൗതം അദാനി

19. ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായം ഏത്?
(A) ചണം
(B) തുണി
(C) പഞ്ചസാര
(D) ഇരുമ്പുരുക്ക്

20. ഇന്ത്യ-പാക്കിസ്ഥാൻ അതിർത്തി രേഖ :
(A) ഡ്യൂറന്റ് ലൈൻ
(B) മക്മോഹൻ ലൈൻ
(C) റാഡ്ക്ലിഫ് ലൈൻ
(D) പാക്-കടലിടുക്ക്

21. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടത് :
(A) മീററ്റ്
(B) ഡൽഹി
(C) ബോംബെ
(D) പ്ലാസി

22. 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകം എഴുതിയത് :
(A) ഗാന്ധിജി
(B) അംബേദ്കർ
(C) പട്ടേൽ
(D) നെഹ്റു

23. 'ത്രിവർണ്ണ പതാക' ഇന്ത്യയുടെ പതാകയായി അംഗീകരിച്ച സമ്മേളനം :
(A) ലാഹോർ സമ്മേളനം
(B) ബന്ദുങ് സമ്മേളനം
(C) ലക്നൗ സമ്മേളനം
(D) മുംബൈ സമ്മേളനം

24. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നാട്ടു രാജ്യങ്ങളുടെ സംയോജനത്തിൽ പ്രധാന പങ്കു വഹിച്ചതാര്?
(A) നെഹ്റു
(B) ലാൽ ബഹദൂർ ശാസ്ത്രി
(C) വല്ലഭായ് പട്ടേൽ
(D) ദാദാ ഭായ് നവറോജി

25. 'ചൗരി ചൗരാ സംഭവം' നടന്നത് ഉത്തർപ്രദേശിലെ ഏതു ജില്ലയിലാണ്?
(A) കാൺപൂർ
(B) മിർസാപൂർ
(C) ലക്നൗ
(D) ഗോരഖ്പൂർ

26. ഇന്ത്യൻ അസോസിയേഷൻ എന്ന സംഘടനയ്ക്ക് രൂപം കൊടുത്തത് :
(A) സുരേന്ദ്ര നാഥ ബാനർജി
(B) നാനാ സാഹിബ്
(C) സുഭാഷ് ചന്ദ്രബോസ്
(D) ഡബ്ല്യു. സി. ബാനർജി



Join PSC WhatsApp Broadcast List : 90747 20773

27. 'സമാധാനത്തിന്റെ മനുഷ്യൻ' എന്നറിയപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി :
(A) നെഹ്റു (B) ചരൺ സിംഗ്
(C) ഇന്ദിരാഗാന്ധി (D) ലാൽ ബഹദൂർ ശാസ്ത്രി

28. ഹോംറൂൾ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ വനിത :
(A) മാഡം ഭിക്കാജി കാമ (B) ആനി ബസന്റ്
(C) ഝാൻസി റാണി (D) ബീനാ ദാസ്

29. ഇന്ത്യയുടെ സാംസ്കാരിക നഗരം എന്നറിയപ്പെടുന്നത് :
(A) ബീഹാർ (B) ഡൽഹി
(C) ഒറീസ്സ (D) പശ്ചിമബംഗാൾ

30. ബ്രഹ്മസമാജ സ്ഥാപകൻ :
(A) ദയാനന്ദ സരസ്വതി (B) രാജാറാം മോഹൻ റോയ്
(C) കബീർ ദാസ് (D) ഗോവിന്ദ റാവു

31. ഇന്ത്യയുടെ ദേശീയപതാക വ്യാപകമായി ഉപയോഗിച്ചതാര്?
(A) മാഡം കാമ (B) രാജേന്ദ്ര പ്രസാദ്
(C) സുഭാഷ് ചന്ദ്രബോസ് (D) ബങ്കിം ചന്ദ്ര ചാറ്റർജി

32. ഇന്ത്യയുടെ ദേശീയഗീതമായ 'വന്ദേമാതരം' രചിച്ചതാര്?
(A) വിവേകാനന്ദൻ (B) ബങ്കിം ചന്ദ്ര ചാറ്റർജി
(C) ടാഗോർ (D) മുൽക്ക് രാജ് ആനന്ദ്

33. ഇന്ത്യയുടെ ദേശീയചിഹ്നത്തിനു താഴെയുള്ള 'സത്യമേവ ജയതേ' എന്ന വാക്യം ഏതു ലിപിയിലാണ് എഴുതിയത്?
(A) ഹിന്ദി (B) സംസ്കൃതം
(C) ദേവനാഗിരി (D) പാലി

34. ഇന്ത്യയുടെ ത്രിവർണ്ണതാക സാർവ്വദേശീയ വേദിയിൽ ആദ്യമായി ഉയർത്തിയ വനിത :
(A) അക്കാമ ചെറിയാൻ (B) ബീനാ ദാസ്
(C) മാഡം ഭിക്കാജി കാമ (D) കൽപ്പനാ ദത്ത്

35. ദേശീയ ഗാനമായ 'ജനഗണമന' ആദ്യമായി ആലപിച്ചത് :
(A) 1914 (B) 1911
(C) 1917 (D) 1947



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

36. സേവനാവകാശം ആദ്യമായി പാസ്സാക്കിയ സംസ്ഥാനം :
(A) ഉത്തർപ്രദേശ് (B) കേരളം
(C) മദ്ധ്യപ്രദേശ് (D) ഹരിയാന

37. നിരാലംബരായ കുട്ടികൾക്ക് പുനഃരധിവാസവും സംരക്ഷണവും പരിരക്ഷയും ഉറപ്പു നൽകുന്ന ഏതു നിയമമാണ് 2000 ത്തിൽ നടപ്പാക്കിയത് :
(A) ബാലനീതി നിയമം (B) തൊഴിൽ നിയമം
(C) വിദ്യാഭ്യാസ നിയമം (D) ബാലവേല നിരോധന നിയമം

38. വിവരാവകാശ നിയമം പാർലമെന്റിൽ പാസ്സാക്കിയത് :
(A) 2000 (B) 2004
(C) 2005 (D) 2007

39. കേരള മനുഷ്യാവകാശ കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ :
(A) ജസ്റ്റിസ് സിരിഗജൻ (B) ജസ്റ്റിസ് ജെ.ബി. കോശി
(C) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ (D) ജസ്റ്റിസ് എം. കൃഷ്ണൻ നായർ

40. മനുഷ്യാവകാശ ദിനം ആചരിക്കുന്നത് :
(A) ഡിസംബർ 11 (B) ഡിസംബർ 10
(C) ഡിസംബർ 23 (D) നവംബർ 10

41. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി :
(A) ഇടുക്കി (B) കുറ്റ്യാടി
(C) പള്ളിവാസൽ (D) ശബരിഗിരി

42. കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികളായ കബനി, ഭവാനി, പാമ്പാർ എന്നിവ ഏതു നദിയിൽ ചെന്നു ചേരുന്നു?
(A) കാവേരി (B) മഹാനദി
(C) ഗോദാവരി (D) കൃഷ്ണ

43. കേരളത്തിന്റെ ഏറ്റവും വടക്ക് സ്ഥിതിചെയ്യുന്ന നദിയേത്?
(A) ചന്ദ്രഗിരി പുഴ (B) നീലേശ്വരം പുഴ
(C) മഞ്ചേശ്വരം പുഴ (D) ഉപ്പള പുഴ

44. കേരളത്തിലെ ശുദ്ധജല തടാകങ്ങളിൽ ഏറ്റവും വലുത് :
(A) അഷ്ടമുടിക്കായൽ (B) ശാസ്താംകോട്ട കായൽ
(C) വെള്ളയാണി കായൽ (D) വേമ്പനാട്ടു കായൽ



Join PSC WhatsApp Broadcast List : 90747 20773

45. വയനാട്ടിൽ സ്ഥിതിചെയ്യുന്ന വന്യജീവി സങ്കേതം :

(A) പേപ്പാറ (B) മുത്തങ്ങ
(C) ചെന്തുരുണി (D) പെരിയാർ

46. നീലഗിരി വരയാടുകൾക്ക് പ്രസിദ്ധമായ ദേശീയപാർക്ക് :

(A) സൈലന്റ്‌വാലി (B) ചിന്നാർ
(C) ഇരവികുളം (D) പറമ്പിക്കുളം

47. 'ട്രോളിംങ് നിരോധനം' ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മത്സ്യ ബന്ധനം (B) തുറമുഖം
(C) നാവികസേന (D) കപ്പൽ നിർമ്മാണം

48. കേരളത്തിലെ ആദ്യത്തെ താപവൈദ്യുത നിലയം :

(A) നെയ്യാർ (B) ഇടുക്കി
(C) മലമ്പുഴ (D) കായംകുളം

49. 2015 ലെ അർജ്ജുന അവാർഡ് നേടിയ കേരള ഹോക്കി താരം :

(A) എം.ഡി. വത്സമ്മ (B) ധ്യാൻ ചന്ദ്
(C) പി.ആർ. ശ്രീജേഷ് (D) ടിന്റു ലൂക്കാ

50. ഖേൽരത്ന പുരസ്ക്കാരം നേടുന്ന ആദ്യ വനിതാ ടെന്നിസ് താരം :

(A) സാനിയ മിർസ (B) മരിയ ഷറപ്പോവ
(C) അരുന്ധതി (D) വത്സമ്മ

51. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന സന്ദേശം നൽകിയ മഹാൻ :

(A) ശ്രീനാരായണ ഗുരു (B) ചട്ടമ്പി സ്വാമികൾ
(C) കുമാര ഗുരു (D) വി.ടി. ഭട്ടതിരിപ്പാട്

52. ക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠ നടത്തി അദ്വൈത ദർശനത്തിന്റെ മാഹാത്മ്യം മാലോകരെ ബോധ്യപ്പെടുത്തിയ സാമൂഹ്യപരിഷ്ക്കർത്താവ് :

(A) ശങ്കാരാചാര്യർ (B) വൈകുണ്ഠ സ്വാമി
(C) സഹോദരൻ അയ്യപ്പൻ (D) കുമാരനാശാൻ

53. നമ്പൂതിരിസമുദായത്തിലെ അനാചാരങ്ങൾക്കെതിരെ വി.ടി. ഭട്ടതിരിപ്പാട് രചിച്ച കൃതി :

(A) അദ്വൈതചിന്താ പദ്ധതി (B) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
(C) കേരളം മലയാളികളുടെ മാതൃഭൂമി (D) ഒന്നേ കാൽ കോടി മലയാളികൾ



Join PSC WhatsApp Broadcast List : 90747 20773

54. കേരളത്തിലെ പുലയവിഭാഗക്കാരിൽ ഐക്യബോധവും ആത്മവിശ്വാസവും വളർത്തുന്നതിൽ പങ്കുവഹിച്ച സാമൂഹ്യപരിഷ്ക്കർത്താവ് :

(A) പണ്ഡിറ്റ് കറുപ്പൻ (B) അയ്യങ്കാളി

(C) മന്നത്തു പത്മനാഭൻ (D) പടച്ചോൻ തെയ്യോൻ

55. 1924 ലെ വൈക്കം സത്യാഗ്രഹത്തിൽ 'സവർണ്ണജാഥ' നയിച്ചതാര്?

(A) ടി.കെ. മാധവൻ (B) മന്നത്ത് പത്മനാഭൻ

(C) പി. കൃഷ്ണപിള്ള (D) എ.കെ. ഗോപാലൻ

56. കേരളത്തിൽ 'ഉപ്പു സത്യാഗ്രഹം' നടന്ന പ്രധാന സ്ഥലം :

(A) പയ്യന്നൂർ (B) പന്തലായനി കൊല്ലം

(C) ബേപ്പൂർ (D) കാപ്പാട്

57. ആത്മവിദ്യാസംഘം സ്ഥാപിച്ച സാമൂഹ്യപരിഷ്ക്കർത്താവ് :

(A) പണ്ഡിറ്റ് കറുപ്പൻ (B) വാഗ്ഭടാനന്ദൻ

(C) കുമാര ഗുരു (D) ശങ്കരാചാര്യർ

58. 1917 കേരള സഹോദര സംഘം സ്ഥാപിച്ചതാര്?

(A) സഹോദരൻ അയ്യപ്പൻ (B) വാഗ്ഭടാനന്ദൻ

(C) അയ്യങ്കാളി (D) എ.കെ. ഗോപാലൻ

59. ക്ഷേത്രത്തിനു ചുറ്റുമുള്ള നിരത്തുകളിൽ കൂടി യാത്ര ചെയ്യാൻ അവർണ്ണർക്ക് അവകാശം നൽകിയ സമരം :

(A) വൈക്കം സത്യാഗ്രഹം (B) ചാന്നാർ സമരം

(C) ഗുരുവായൂർ സത്യാഗ്രഹം (D) ഈഴവ മെമ്മോറിയൽ

60. 1888 ൽ ശ്രീനാരായണഗുരു ശിവപ്രതിഷ്ഠ നടത്തിയ സ്ഥലം :

(A) ചെമ്പഴന്തി (B) അരുവിപ്പുറം

(C) വർക്കല (D) കാലടി



Join PSC WhatsApp Broadcast List : 90747 20773

61. താഴെ പറയുന്നവയിൽ ഇരുമ്പിന്റെ അയിര് :

(A) ഹെമറ്റൈറ്റ്
(B) ബോക്സൈറ്റ്
(C) ഡോളമൈറ്റ്
(D) ക്രയോലൈറ്റ്

62. താഴെ പറയുന്നവയിൽ ഏതു മാദ്ധ്യമത്തിലൂടെയാണ് പ്രകാശം ഏറ്റവും കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്നത്?

(A) ജലം
(B) വായു
(C) ശൂന്യത
(D) മരം

63. സൗരയൂഥത്തിന്റെ കേന്ദ്രം :

(A) ഭൂമി
(B) സൂര്യൻ
(C) ചൊവ്വ
(D) ചന്ദ്രൻ

64. ജലത്തിന്റെ ഖരണാങ്കം —————— ആണ്.

(A) 4°C
(B) 0°C
(C) 100°C
(D) –4°C

65. ആധുനിക ആവർത്തന പട്ടികയുടെ ഉപജ്ഞാതാവ് :

(A) മെൻഡലിയേഫ്
(B) ന്യൂലാൻഡ്സ്
(C) ലാവോസിയ
(D) മോസ്‌ലി

66. ഓറ്റത്തിന്റെ ആറ്റോമിക നമ്പർ 8. മാസ് നമ്പർ 16. ന്യൂട്രോണുകളുടെ എണ്ണം എത്ര?

(A) 8
(B) 16
(C) 10
(D) 6

67. സ്വതന്ത്രമായി ഭൂമിയിലേക്ക് പതിക്കുന്ന വസ്തുവിൽ അനുഭവപ്പെടുന്ന ബലം :

(A) ഘർഷണ ബലം
(B) കാന്തിക ബലം
(C) ഗുരുത്വാകർഷണ ബലം
(D) പ്രതല ബലം

68. ജലത്തെ വൈദ്യുത വിശ്ലേഷണം നടത്തുമ്പോൾ ലഭിക്കുന്ന ഘടകങ്ങൾ :

(A) ഹൈഡ്രജൻ, ഓക്സിജൻ
(B) ഹൈഡ്രജൻ, നൈട്രജൻ
(C) നൈട്രജൻ, ഓക്സിജൻ
(D) നീരാവി, ഹൈഡ്രജൻ



Join PSC WhatsApp Broadcast List : 90747 20773

69. ഡൈനാമോയിൽ നടക്കുന്ന ഊർജ്ജ പരിവർത്തനം :

(A) യാന്ത്രികോർജ്ജം → രാസോർജ്ജം
(B) രാസോർജ്ജം → വൈദ്യുതോർജ്ജം
(C) വൈദ്യുതോർജ്ജം → യാന്ത്രികോർജ്ജം
(D) യാന്ത്രികോർജ്ജം → വൈദ്യുതോർജ്ജം

70. ചെറുനാരങ്ങയിൽ അടങ്ങിയിരിക്കുന്ന ആസിഡ് :

(A) അസറ്റിക് ആസിഡ്
(B) ടാർടാറിക് ആസിഡ്
(C) സിട്രിക് ആസിഡ്
(D) ലാക്റ്റിക് ആസിഡ്

71. മനുഷ്യ ഹൃദയത്തിന്റെ ഭാരം എത്ര?

(A) 200 g
(B) 400 g
(C) 300 g
(D) 500 g

72. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി ഏത്?

(A) കരൾ
(B) ആഗ്നേയ ഗ്രന്ഥി
(C) ഉമിനീർ ഗ്രന്ഥി
(D) ആമാശയം

73. വിറ്റാമിൻ A യുടെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗം :

(A) സ്കർവ്വി
(B) നിശാന്ധത
(C) ക്വാഷിയോർക്കർ
(D) മരാസ്മസ്

74. മന്ത് രോഗത്തിന് കാരണമായ രോഗാണു ഏത്?

(A) ഡിഫ്ത്തീരിയ
(B) പ്ലാസ്മോഡിയം
(C) ഇൻഫ്ലുവൻസ
(D) ഫൈലേറിയൽ വിര

75. എയ്ഡ്സ് രോഗത്തിന് കാരണമായ രോഗാണു ഏത്?

(A) HIV വൈറസ്
(B) ട്രിപ്പനോസോമ
(C) സാൽമോണല്ല
(D) ബാസിലസ് ആൻത്രാസിസ്

76. എപ്പി കൾച്ചർ എന്നാൽ എന്ത്?

(A) പട്ട് നൂൽ വളർത്തൽ
(B) തേനീച്ച വളർത്തൽ
(C) മത്സ്യം വളർത്തൽ
(D) കോഴി വളർത്തൽ



Join PSC WhatsApp Broadcast List : 90747 20773

77. കേരളത്തിലെ നെല്ല് ഗവേഷണ കേന്ദ്രം എവിടെ സ്ഥിതിചെയ്യുന്നു?

(A) മാങ്കൊമ്പ് (B) കോട്ടയം
(C) വൈറ്റില (D) പട്ടാമ്പി

78. പാറമടകളിൽ ജോലി ചെയ്യുന്നവരിൽ കാണുന്ന രോഗം ഏത്?

(A) ആസ്ബസ്റ്റോസിസ് (B) ബ്രോങ്കയ്റ്റിസ്
(C) സിലിക്കോസിസ് (D) ആസ്തമ

79. മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി :

(A) തുടയെല്ല് (B) ഇൻകസ്
(C) മാലിയസ് (D) സ്റ്റേപ്പിസ്

80. കേരളത്തിലെ കുരുമുളക് ഗവേഷണ കേന്ദ്രം എവിടെ സ്ഥിതിചെയ്യുന്നു?

(A) പന്നിയൂർ (B) കോട്ടയം
(C) തിരുവനന്തപുരം (D) പട്ടാമ്പി

81. ഡൽഹി നഗരം ഏത് നദീതീരത്ത് സ്ഥിതിചെയ്യുന്നു?

(A) യമുന (B) ഗംഗ
(C) ഹുഗ്ലി (D) സിന്ധു

82. കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ജില്ല :

(A) എറണാകുളം (B) കണ്ണൂർ
(C) ആലപ്പുഴ (D) തിരുവനന്തപുരം

83. ഏത് ദൃശ്യകലയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ?

(A) ഓട്ടൻ തുള്ളൽ (B) കഥകളി
(C) ഭരതനാട്യം (D) മോഹിനിയാട്ടം

84. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അവയവം :

(A) ത്വക്ക് (B) കരൾ
(C) ചെറുകുടൽ (D) തലച്ചോറ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

85. ഇന്ത്യാ രാജ്യം ഉൾപ്പെടുന്ന വൻകര ഏത്?

(A) യൂറോപ്പ് (B) ആഫ്രിക്ക

(C) ആസ്ട്രേലിയ (D) ഏഷ്യ

86. ഒരു ത്രികോണത്തിന്റെ കോണുകളുടെ ആകെ തുക :

(A) 90° (B) 180°

(C) 60° (D) 360°

87. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ആസ്ഥാനം എവിടെയാണ്?

(A) തിരുവനന്തപുരം (B) കൊല്ലം

(C) ആലപ്പുഴ (D) കണ്ണൂർ

88. 2014-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ ഇന്ത്യാക്കാരൻ :

(A) മലാല യൂസഫ് സായ് (B) സച്ചിൻ തെണ്ടുൽക്കർ

(C) രാജേന്ദ്ര പച്ചൗരി (D) കൈലാസ് സത്യാർത്ഥി

89. കരയിലെ ഏറ്റവും വലിയ ജീവി :

(A) ആഫ്രിക്കൻ ആന (B) ജിറാഫ്

(C) ഹിപ്പപ്പൊട്ടാമസ് (D) ഏഷ്യൻ ആന

90. മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചത് എന്നാണ്?

(A) 2013 ജൂൺ 23 (B) 2013 മെയ് 23

(C) 2013 ആഗസ്റ്റ് 14 (D) 2013 മെയ് 22

91. ഒരു കിലോമീറ്റർ എത്ര മീറ്ററാണ്?

(A) 100 മീറ്റർ (B) 10000 മീറ്റർ

(C) 10 മീറ്റർ (D) 1000 മീറ്റർ

92. ജലയാന നിർമ്മിതിയുമായി ബന്ധപ്പെട്ട് കോൾക്കിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തി :

(A) ജലയാനത്തിന്റെ ഉറപ്പിച്ച പലക അഴിച്ചുമാറ്റുന്നത്

(B) ജലയാനത്തിന് പുതിയ പലക ഉറപ്പിക്കുന്നത്

(C) ജലയാനത്തിന്റെ പലകയുടെ വിടവ് ജലം കടക്കാതെ അടക്കുന്നത്

(D) ജലയാനത്തിന്റെ കേടായ പലക മുറിച്ച് മാറ്റുന്നത്



PSCNET.in
Join PSC WhatsApp Broadcast List : 90747 20773

93. കോപ്പർ, സിങ്ക് എന്നീ ലോഹങ്ങൾ ചേർന്നുണ്ടാകുന്ന ലോഹ സങ്കരം :

(A) നിക്രോം
(B) പിച്ചള
(C) ഓട്
(D) ഗൺ മെറ്റൽ

94. 2018-ലെ ലോകകപ്പ് ഫുട്ബോളിന് ആതിഥ്യമരുളുന്ന രാജ്യം :

(A) ബ്രസീൽ
(B) ചൈന
(C) റഷ്യ
(D) ജർമ്മനി

95. ഇന്ത്യയുടെ മുൻ പ്രസിഡന്റ് എ.പി.ജെ. അബ്ദുൾ കലാമിന്റെ ആത്മകഥ :

(A) അഗ്നിച്ചിറകുകൾ
(B) ഓർമ്മയുടെ അറകൾ
(C) അഗ്നിസാക്ഷി
(D) എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

96. ഇന്ത്യയിൽ സ്ഥിതിചെയ്യുന്ന ലോകാത്ഭുതങ്ങളിലൊന്ന് :

(A) താജ്മഹൽ
(B) ചെങ്കോട്ട
(C) സുവർണ്ണക്ഷേത്രം
(D) കുത്തബ്മിനാർ

97. അർബുദം ബാധിക്കാത്ത മനുഷ്യശരീരത്തിലെ ഏക അവയവം :

(A) ത്വക്ക്
(B) കരൾ
(C) കിഡ്നി
(D) ഹൃദയം

98. രാജ്ഘട്ട് ആരുടെ സമാധി സ്ഥലമാണ്?

(A) ലാൽ ബഹദൂർ ശാസ്ത്രി
(B) ഇന്ദിരാഗാന്ധി
(C) മഹാത്മാഗാന്ധി
(D) ജവഹർലാൽ നെഹ്റു

99. ഇന്ത്യയുടെ ഇപ്പോഴത്തെ രാഷ്ട്രപതി :

(A) നരേന്ദ്രമോദി
(B) പ്രണബ് മുഖർജി
(C) സദാശിവം
(D) സുഷമാ സ്വരാജ്

100. ജയ ജയ കോമള കേരള ധരണി ... എന്ന് തുടങ്ങുന്ന കേരള സാംസ്കാരിക ഗാനം രചിച്ചതാര്?

(A) ഒ.എൻ.വി. കുറുപ്പ്
(B) സുഗതകുമാരി
(C) ബോധേശ്വരൻ
(D) കുമാരനാശാൻ

pscnet.in



Join PSC WhatsApp Broadcast List : 90747 20773